


# കുഷ്യൻ കവർ

**ഈ പരിശീലന പാഠത്തിൽ നിങ്ങൾ ഒരു കുഷ്യൻ കവർ എങ്ങനെ തയ്ച്ചെടുക്കാമെന്നു പഠിക്കും.**




ഒരു പൈ ഉണ്ടാക്കുന്ന അത്ര എളുപ്പത്തിൽ നിങ്ങളുടെ വീടിന്റെ ലുക്ക് തന്നെ നമുക്ക് മാറ്റിയെടുക്കാം... അദ്ഭുതമായി തോന്നുന്നുണ്ടാവും അല്ലേ?

ഒരു 12" * 12" കുഷ്യനുണ്ടാക്കാൻ നമുക്ക് ഒരു 13 * 30 ഇഞ്ച് തുണി, മുത്തുള്ള പിന്നുകൾ, നൂൽ, ഒരു മാർക്കർ, പിന്നെ ഒരു മെഷറിങ്ങ് സ്കെയിൽ എന്നിവ ആവശ്യമാണ്...

ഇതിനു വേണ്ടി നമുക്ക് ഭംഗിയുള്ള ഒരു ഫ്ലവറി ഫാബ്രിക്ക് എടുക്കാം, തുണി രണ്ടായി മടക്കിയിട്ട് താഴത്തെ വശം ചെറുതായി മടക്കി, ദാ ഇത് പോലെ പിൻ ചെയ്യുക...

ആദ്യം നമുക്ക് ഈ വശങ്ങൾ തയ്ക്കാം, സ്ട്രെയിറ്റ് സ്റ്റിച്ചിനായി സ്റ്റിച്ച് പാറ്റേൺ സെലക്ടർ A യിലേക്ക് തിരിക്കുക, സ്റ്റിച്ച് ലെങ്ങ്ത് 2.5 ഉം, ത്രെഡ് ടെൻഷൻ 3.5 ഉം ആക്കുക...

മടക്കിയ വശം ശ്രദ്ധയോടെ തയ്ച്ചെടുക്കുക, അതിനു ശേഷം പിന്നുകൾ ഊരി മാറ്റുക. മറുവശവും ഇതു പോലെ തയ്ക്കുക.

പിന്നെ വലതു വശം നേർക്കു നേരെ വെച്ച് ഫാബ്രിക്കിനെ രണ്ടായി മടക്കുക, വീഡിയോയിൽ കാണിച്ച പോലെ നടുവിലായി 6 ഇഞ്ച് മാർക്ക് ചെയ്യുക...















ആ പോയിന്റുകളെ ഒരു നേർവരയായി യോജിപ്പിക്കുക. മറുവശവും അതുപോലെ ചെയ്യുക.

വരയിൽ നിന്നും രണ്ട് വശവും മടക്കുക, ചെറിയൊരു വലിപ്പ വ്യത്യാസം കാണും, പക്ഷേ അത് കുഷ്യൻ മുഴുവനായി മൂടുവാൻ പാകമായിരിക്കും.

ആ മടക്കിയ വശങ്ങൾ പിൻ ചെയ്യുക. ഇനി ആ തുറന്ന ഭാഗമാണ് നമ്മൾ തയ്ക്കാൻ പോകുന്നത്... അധികം വരുന്ന നൂലും തുണിയും കട്ട് ചെയ്യുക.

നമ്മൾ ഇപ്പോൾ കട്ട് ചെയ്ത ഭാഗം മെഷിനിൽ വെയ്ക്കുക, സിഗ്‌സാഗ് സ്റ്റിച്ചിനായി സ്റ്റിച്ച് സെലക്ടർ C യിലേക്ക് തിരിക്കുക, സ്റ്റിച്ച് ലെങ്ത് 1.5 ആക്കുക...

ട്രിം ചെയ്ത വശങ്ങൾ തയ്‌ച്ചെടുക്കുക... ഇത് കൊണ്ട് വശങ്ങൾക്ക് കരുത്തും നല്ല ഭംഗിയും ലഭിക്കും...

ഇനി പിന്നുകൾ അഴിച്ചു മാറ്റുക, എന്നിട്ട് പുറം വശം അകമേ നിന്നും പുറത്തേക്കിടുക. ഇത് എളുപ്പമല്ലായിരുന്നോ? നിങ്ങൾ ആകെ ചെയ്യേണ്ടത് ലോക്കൽ മാർക്കറ്റിൽ ചെന്ന് നിങ്ങളുടെ വീട്ടിലെ ഇന്റീരിയർ അനുസരിച്ച് ഭംഗിയും കൗതുകവുമുള്ള ഫാബ്രിക്ക് വാങ്ങുക എന്നത് മാത്രമാണ്... ബാഗ് നിറഞ്ഞു കഴിഞ്ഞാൽ പിന്നെ നിങ്ങൾക്ക് നിങ്ങളുടെ ഡ്രായിങ്ങ് റൂം തന്നെ മാറ്റിമറിക്കാം, വീട്ടിലൊരു ഉഷ ജനോമി AZ മെഷിനുണ്ടെങ്കിൽ നിങ്ങൾക്ക് എന്തും മാറ്റിമറിക്കാം...